**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6126 20.11.2019 -ലെ മറുപടിക്ക്**

**ആറന്മുള മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി പ്രകാരം സംസ്ഥാനത്ത് മൊത്തം എത്ര കോളനികൾ ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്; | (എ) | വർഷം: 2016-17 — തെരഞ്ഞെടുത്ത കോളനികളുടെ എണ്ണം: 255<br>വർഷം: 2018-19 — തെരഞ്ഞെടുത്ത കോളനികളുടെ എണ്ണം: 90 (പ്രളയാനന്തര കോളനികളുടെ പുന:നിർമ്മാണം)<br>വർഷം: 2019-20 — തെരഞ്ഞെടുത്ത കോളനികളുടെ എണ്ണം: 73 ( ഒക്ടോബർ വരെ ) |
| (ബി) | അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം ആറന്മുള മണ്ഡലത്തിലെ എഴിക്കാട്, പറയനാലി, പന്നിവേലിച്ചിറ കോളനികളുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) | **<u>ഏഴിക്കാട് കോളനി</u>**<br>റീഡിംഗ് റൂമിന്റെ ഒന്നാം നില പ്ലാസ്റ്ററിംഗ്, ഗാലറി നിർമ്മാണം, ഓപ്പൺ സ്റ്റേജ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. വോളിബോൾ & ബാഡ്മിന്റൺ കോർട്ട് 90% പൂർത്തിയായി. കമ്മ്യൂണിറ്റി ഹാളിന്റെ വികസനം പുരോഗമിക്കുന്നു.<br>**<u>പറയനാലി കോളനി</u>**<br>സംരക്ഷണ ഭിത്തി നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നിവ പൂർത്തീകരിച്ചു. കമ്മ്യൂണിറ്റി ഹാളിന്റെ പുന:രുദ്ധാരണം, വാട്ടർ ടാങ്കിന്റെ പുന:രുദ്ധാരണം, ഡിജിറ്റൽ ലൈബ്രറി എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.<br>**<u>പന്നിവേലിച്ചിറ കോളനി</u>**<br>ഭവന പുനരുദ്ധാരണം 39 വീടുകൾ പൂർത്തീകരിച്ചു. |
| (സി) | പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ചെറുപ്പക്കാർക്ക് ഏതെങ്കിലും തൊഴിൽ/ഇതര പ്രവർത്തനങ്ങൾക്ക് വകുപ്പ് | (സി) | അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും, പരിശീലനവും ലഭിച്ച പട്ടികജാതി വിഭാഗം യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി ഒരു ലക്ഷം രൂപ വരെ |

| | | | |
|---|---|---|---|
| | മുൻകൈയെടുക്കുന്നുണ്ടോ; ഇതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇവരെ മുഖ്യധാരയിലേക്കു നയിക്കാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | | ധനസഹായം നൽകുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും ആരംഭിക്കുന്നതിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 സബ്സിഡി നൽകുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് Skill training നൽകി ജോലി ഉറപ്പ് വരുത്തുന്നതിലേയ്ക്കായി 2016-17 മുതൽ Expression of interest വിളിച്ച് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/സ്വകാര്യ ഏജൻസികൾ മുഖേന വിവിധ സ്കിൽ കോഴ്സുകൾ നടത്തി വിദേശത്തും സംസ്ഥാനത്തും ജോലി ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികളും വകുപ്പ് വഴി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സ്വയം തൊഴിൽ പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന കോർപ്പറേഷനും പ്രതിവർഷം ഒമ്പതിനായിരത്തോളം പേർക്ക് വായ്പയും ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ